**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3385** **25-10-2021 - ൽ മറുപടിയ്ക്ക്**

**രാജാരവിവർമ്മ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ പേരിൽ നിർമ്മിക്കുന്ന ആധുനിക ആർട്ട് ഗ്യാലറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരത്തുള്ള ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ പേരിൽ നിർമ്മിക്കുന്ന ആർട്ട് ഗ്യാലറിയുടെ നിർമ്മാണ പ്രവർത്തനം 2020 നവംബർ 9 ന് ആരംഭിച്ച് പ്രധാന കെട്ടിടത്തിന്റെ നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിലേക്ക് ആവശ്യമായ വൈദ്യുത, ശീതീകരണ, അഗ്നിസുരക്ഷാ സംവിധാനങ്ങളുടെ പ്രവർത്തികൾ യഥാക്രമം 20%, 80%, 35% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട 60% പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനത്തിന്റെ രൂപരേഖയും പ്രകാശ സംവിധാനം സജ്ജീകരിക്കുന്ന തിനുള്ള നടപടികളും നടന്നുവരുന്നു. |
| (ബി) | നിർമ്മാണത്തിലിരിക്കുന്ന പ്രസ്തുത ആധുനിക ആർട്ട് ഗ്യാലറിയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്; പൊതുജനങ്ങൾക്ക് ഇത് എങ്ങനെ ഉപയോഗപ്രദമാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ലോകോത്തര ചിത്രകാരനായ രാജാ രവിവർമ്മയ്ക്ക് സ്വന്തം നാട്ടിൽ അനുയോജ്യമായ ബഹുമതികളോടുകൂടി അനുപമമായ ഒരു ഗ്യാലറി സ്ഥാപിക്കുക എന്നലക്ഷ്യം പൂർത്തീകരിക്കുന്നതിനോടൊപ്പം, കേരളത്തിന്റെ കലാ സാംസ്കാരികപൈതൃക സംരക്ഷണവും കലാ സൃഷ്ടികളുടെ ദീർഘകാല സംരക്ഷണവും സാധ്യമാക്കികൊണ്ട്, ഗവേഷണങ്ങൾ നടത്തുന്നതിന് അനുയോജ്യമായ ഒരു പൊതുകേന്ദ്രം ലോകോത്തര നിലവാരത്തിൽ സ്ഥാപിക്കപ്പെടുന്നതാണ്. ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന അമൂല്യ ചിത്രശേഖരങ്ങൾ പുതിയ രാജാരവിവർമ്മ ആർട്ട് ഗ്യാലറിയിൽ ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയാണ് പ്രദർശന സജ്ജമാക്കുന്നത്. ഗ്യാലറിയിൽ സന്ദർശക സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനോടൊപ്പം കലാ സൃഷ്ടികളുടെ ദീർഘകാല സംരക്ഷണം മുൻനിർത്തികൊണ്ട് ഊഷ്മാവ്, ആർദ്രത എന്നിവ നിയന്ത്രണ വിധേയമാക്കികൊണ്ടുള്ള കേന്ദ്രീകൃത |

| | | | |
|---|---|---|---|
| | | | ശീതീകരണ സംവിധാനം, ചിത്രങ്ങൾക്ക് യാതൊരു കേടുപാടും വരാത്ത തരത്തിലുള്ള കേന്ദ്രീകൃത വാതക അഗ്നിസുരക്ഷാ സംവിധാനം, ചിത്രങ്ങൾക്ക് അനുയോജ്യമായ തീവ്രതയോടെയും ഗുണങ്ങളോടുകൂടിയ പ്രകാശസംവിധാനം എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രധാന കെട്ടിടത്തോടനുബന്ധിച്ച് ടിക്കറ്റ് കൗണ്ടർ, വിദ്യാഭ്യാസ പ്രസിദ്ധീകരണങ്ങൾ, കൗതുകവസ്തുക്കൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ